# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1375** **06.03.2020 ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി. ഉണ്ണി** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) 2020-21 വർഷത്തിൽ കൃഷിവകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) 2020 – 2021 വർഷത്തിൽ കൃഷി വകുപ്പ് മുഖേന അഗളി, ഷൊർണ്ണൂർ, കുഴൽമന്ദം എന്നിവിടങ്ങളിലാണ് പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>**1) അഗളി -** റീബിൾഡ് കേരള പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 'അട്ടപ്പാടി സമഗ്ര സുസ്ഥിരകാർഷിക പദ്ധതി ('Comprehensive and sustainable agriculture Development Project for Attappady) എന്ന പേരിൽ 7.99 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ 192 പട്ടിക വർഗ്ഗ ഊരുകളുടെ കാർഷിക മേഖലയിലെ ഉന്നമനത്തെ ലക്ഷ്യമിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. അട്ടപ്പാടി മേഖല 2 പ്രത്യേക അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായും ജൈവ കൃഷി രീതികളിലൂടെ കൃഷി ചെയ്ത് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെയും അവിടത്തെ കാർഷിക മേഖലയുടെയും സുസ്ഥിര വികസനവും ഈ മേഖലയുടെ പരിസ്ഥിതി സന്തുലനവും നിലനിർത്താനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവകൃഷി രീതികളിലൂടെയും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായാണ് ഈ പദ്ധതി.<br><br>• ചെറു ധാന്യങ്ങൾ, എണ്ണക്കുരു, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്ന വിസ്തീർണം വർദ്ധിപ്പിക്കുക. ഏകദേശം 2000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി മുറകൾ പ്രയോഗിച്ച് സുസ്ഥിരമായ കാർഷികോല്പാദനം നടത്തുക എന്നിവയാണ് പദ്ധതികളുടെ ഘടകങ്ങൾ. |

. കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗ ശല്യം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. വന്യമൃഗ ശല്യം ചെറുക്കാൻ ഒരു നൂതന പദ്ധതിയായ തേനീച്ച വേലികൾ ചെയ്യാനുദ്ദേശിക്കുന്നു. കാട്ടാന ശല്യം ഒഴിവാക്കുന്നതിനു തേനീച്ച വേലികൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവയിൽ നിന്നും ലഭിക്കുന്ന തേൻ കർഷകർക്ക് മറ്റൊരു വരുമാന മാർഗ്ഗവുമാണ്.

. പൂർണമായും ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനു വേണ്ടി ജൈവ കൃഷിക്ക് സഹായമാവുന്ന ജൈവ കീടനാശിനികളും ജീവാണു വളങ്ങളും നൽകുവാൻ ഉദ്ദേശിക്കുന്നു.

. ഇത്തരത്തിൽ കൃഷി ചെയ്തു വരുന്ന വിളകൾക്ക് സംഭരണം ഉറപ്പാക്കുവാനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

. അട്ടപ്പാടിയിലെ തനതു വിത്തുകൾ സംരക്ഷിക്കുന്നതിന് വേണ്ടി സീഡ് ബാങ്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇരുപത് ഊരുകളിലായാണ് ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്. സീഡ് ബാങ്കുകളിലൂടെ ചെറു ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ വിത്തുകൾ ശേഖരിച്ചു വെക്കുന്നതാണ്.

. കാർഷിക ഉത്പന്നങ്ങളുടെ പ്രത്യേകിച്ച് ചെറു ധാന്യങ്ങളുടെ മൂല്യവർദ്ധനവിന് വേണ്ടിയുള്ള സഹായം നൽകുക. ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനാൽ ഇവയുടെ ഉല്പാദനം കുറവായിരിക്കും. ആയതുകൊണ്ട് മൂല്യവർദ്ധനവിലൂടെ അട്ടപ്പാടിയിലെ കർഷകർക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാകും.

. ഓർഗാനിക് സർട്ടിഫിക്കേഷനും ഭൗമ സൂചിക പട്ടം ലഭിക്കുന്നതിന് വേണ്ടിയുള്ള സഹായം നൽകുക – ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ 40 ഊരുകളിൽ ആരംഭിച്ചിട്ടുണ്ട്. അവയ്ക്ക് സി1 സർട്ടിഫിക്കേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 30 ഊരുകളിൽ ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ ആരംഭിക്കുവാനുള്ള സഹായം നൽകുന്നതാണ്. അട്ടപ്പാടിയിലെ തനതു വിളകളായ ആറ്റുകൊമ്പു അവര, അട്ടപ്പാടി തുവര എന്നിവയ്ക്ക് ഭൗമ സൂചിക പട്ടം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ അട്ടപ്പാടി കടുക്, പൊരി, ചീര എന്നിവയ്ക്കും ഈ പട്ടം ലഭിക്കുവാനുള്ള നടപടി ആരംഭിക്കുന്നതാണ്.

കൂടാതെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുള്ള പദ്ധതിയായ കേരളത്തിലെ വിപണി ശൃംഖലയുടെ ശാക്തീകരണം എന്ന പദ്ധതിയും

പാലക്കാട് ജില്ലയ്ക്ക് പ്രയോജനപ്പെടുന്നതാണ്.

**2) ഷൊർണ്ണൂർ** - പദ്ധതിയുടെ രൂപരേഖ ലഭിച്ചു വരുന്നതേ ഉളളൂ. പച്ചക്കറിക്കായിട്ടുള്ള ജീവനി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

**3) കുഴൽമന്ദം**

| ക്രമ നം. | പദ്ധതി | 2020 – 2021 |
|---|---|---|
| 1 | സമഗ്ര നെൽകൃഷി വികസനം | 73832400 |
| 2 | സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം | 100000 |
| 3 | ഓണ സമൃദ്ധി | 420000 |
| 4 | മണ്ണ് ആരോഗ്യ പദ്ധതി | 5331350 |
| 5 | വിള ആരോഗ്യ പരിപാലനം | 597013 |
| 6 | ജൈവകൃഷി | 79000 |
| 7 | കൃഷി വിജ്ഞാന വ്യാപന ശാക്തീകരണം | 1430290 |
| 8 | വകുപ്പ് ലാബുകളുടെ നവീകരണം | 31805 |
| 9 | കാർഷിക സേവന കേന്ദ്രവും സേവനം നൽകലും | 250335 |
| 10 | പച്ചക്കറി വികസന പദ്ധതി | 2434850 |
| 11 | ഔഷധ കൃഷി | 40000 |
| 12 | ബയോഗ്യാസ് | 24000 |
| 13 | പരമ്പരാഗത കൃഷി വികാസ് യോജന | 3415809 |
| 14 | എൻ.എം.എസ്.എ | 150000 |
| 15 | ആർ.കെ.വി.വൈ കാർഷികകർമ്മസേന | 3000 |
| 16 | പ്രകൃതിക്ഷോഭം | 250000 |
| 17 | വിള ഇൻഷ്വറൻസ് | 30350000 |
| 18 | സൗജന്യ വൈദ്യുതി | 5000000 |
| 19 | എൻ.എഫ്.എസ്.എം | 3500000 |
| 20 | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ | 2400000 |
| 21 | ആർ.കെ.വി.വൈ നെൽകൃഷി | 21690000 |

| | | |
|---|---|---|
| ബി) | അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) **1)** **<u>അഗളി</u>** - റീബിൽഡ് കേരള പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 'അട്ടപ്പാടി സമഗ്ര സുസ്ഥിരകാർഷിക പദ്ധതി ('Comprehensive and sustainable agriculture Development Project for Attappady) എന്ന പേരിൽ 7.99 കോടി രൂപയ്ക്ക് ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>**2)** **<u>ഷൊർണ്ണൂർ</u>** - പദ്ധതിയുടെ രൂപരേഖ ആയിവരുന്നതേ ഉള്ളൂ.<br>**3)** കുഴൽമന്ദത്തിനായി 151329852 രൂപ നീക്കിവച്ചിട്ടുണ്ട് |

Mayal

**സെക്ഷൻ ഓഫീസർ**